# PETALS
## of Malankara




**MALANKARA MEMBER APP**
**DOWNLOAD IT FROM THE GOOGLE PLAY STORE TODAY**

| 154340+ | 21040+ | 73490+ |
|---|---|---|
| Happy Members | Depositors | Loanees |

Vol: 50 | Issue: February 2026

# MALANKARA CREDIT SOCIETY LTD

LIBERTY THROUGH CO OPERATION

REGD. OFFICE: 4th FLOOR, WEST FORT TOWER, WEST FORT JN.,THRISSUR, KERALA-680004

REG. NO. MSCS/CR/297/2008

MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED

*Registered Under*

MINISTRY OF CO-OPERATION, GOVT. OF INDIA

www.mmsccs.com | customercare@mmsccs.com | Toll-free: 1800 313 1223

boCHE
(Dr. BOBY CHEMMANUR)
"Give Blood, Save Life"
812 Km. Run Unique World Record &
Guinness Record Holder : World Peace
Social Worker | Sportsman | Businessman | Motivator | Entertainer
Boby Chemmanur International Group


## Objectives:

TO
- Instil a sense of belonging and involvement
- Appreciate and upload the achievements
- Act as a communication medium
- Increase the professional competence


Corporate Monthly E-Magazine of
**Malankara Credit Society**

Printed and Published by:
**Malankara Credit Society Ltd**




**Editorial Board**

**Chief Editor**
**Mr. Jisso Baby**
Chairman

**Sub Editor**
**Mrs.Mariyama Pious**
Vice Chairperson

**Vijay Sebastian**
**Printo C J**
**Amalu P S**
**Vishnu Prakash**
**Digin Kumar**

**Design & Layout**
**Adham Antony**



ജിസ്റ്റോ ബേബി

# MESSAGE

**ലോകത്തിലെ ആയിരകണക്കിന്, ലക്ഷക്കണക്കിന്, കോടിക്കണക്കിന് ജനങ്ങൾക്ക് ഒരു നന്മയെങ്കിലും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുക**

പ്രിയപ്പെട്ട മെമ്പർമാരെ,

നമ്മുടെ സൊസൈറ്റിയുടെ വളർച്ചയിൽ ഓരോ മെമ്പർമാരും നൽകുന്ന പിന്തുണ ഏറെ വലുതാണ്. സാങ്കേതികവിദ്യയുടെ സഹായത്തോടെ മികച്ച സേവനങ്ങൾ നിങ്ങളുടെ വിരൽത്തുമ്പിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് മലങ്കര ക്രെഡിറ്റ് സൊസൈറ്റി എക്കാലവും മുന്നോട്ട് പോകുന്നത്. ഈ യാത്രയിലെ മറ്റൊരു സുപ്രധാന നാഴികക്കല്ല് നിങ്ങളുമായി പങ്കുവെക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. നമ്മുടെ മലങ്കര മെമ്പർ ആപ്പിൽ ഇപ്പോൾ **CLDP Deposit Plan** എന്ന പുതിയ ഫീച്ചർ കൂടി ഞങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

നിങ്ങളുടെ സമ്പാദ്യത്തിന് ഏറ്റവും ഉയർന്ന സുരക്ഷിതത്വവും മികച്ച ലാഭവും ഉറപ്പാക്കുന്ന സവിശേഷമായ ഒരു നിക്ഷേപ പദ്ധതിയാണിത്. 12.5% വരെ റിട്ടേൺ ആണ് ഈ പദ്ധതിയിലൂടെ സൊസൈറ്റി വാഗ്ദാനം ചെയ്യുന്നത്. ഇനി മുതൽ സൊസൈറ്റി ഓഫീസിൽ നേരിട്ട് വരാതെ തന്നെ മൊബൈൽ ആപ്പ് വഴി വളരെ ലളിതമായും വേഗത്തിലും വീട്ടിലിരുന്ന് തന്നെ **CLDP** നിക്ഷേപം ആരംഭിക്കാവുന്നതാണ്. നിങ്ങളുടെ കഠിനാധ്വാനത്തിലൂടെ ലഭിച്ച സമ്പാദ്യം കൃത്യമായ ലാഭവിഹിതത്തോടൊപ്പം സുരക്ഷിതമായി വളരാൻ ഈ പദ്ധതി ഏറെ സഹായിക്കുന്നു.

സമ്പാദ്യം ഒരു ശീലമാക്കാനും, നിങ്ങളുടെ ഭാവി സാമ്പത്തിക ആവശ്യങ്ങൾക്കായി മികച്ച രീതിയിൽ പണം വളർത്താനും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്ന് മലങ്കര മെമ്പർ ആപ്പ് ഉടൻ ഇൻസ്റ്റാൾ ചെയ്യുക. നമുക്ക് ഒരുമിച്ച് വളരാം, സുരക്ഷിതമായ ഒരു സാമ്പത്തിക ഭാവി കെട്ടിപ്പടുക്കാം. മലങ്കരയിൽ നിക്ഷേപിക്കൂ ഭാവി ഭദ്രമാക്കൂ

എന്ന് നിങ്ങളുടെ സ്വന്തം,
ചെയർമാൻ

## CLDP DEPOSIT PLANS

| CLDP 1 YEAR | CLDP 2 YEAR | CLDP 3 YEAR | CLDP 5 YEAR |
|---|---|---|---|
| 10% | 11% | 12% | 12.50% |

# FROM THE DESK OF CEO



**Sivaprakash.P**
**Dy CEO, Malankara Credit Society**

## Women & Wealth Creation —
## A Step Towards Financial Empowerment

Malankara Credit Society Ltd
Women today are playing a transformative role in shaping financial resilience within families and communities. At Malankara Credit Society Ltd, we believe that empowering women with the right financial tools, responsible credit access, and knowledge-driven guidance is essential to building a stronger and more inclusive economy.

### Empowering Women Through Responsible Finance

Across our service regions, women are emerging as disciplined savers, micro-entrepreneurs, and confident financial decision-makers. From managing household finances to expanding small businesses, their contribution is driving sustainable economic growth. Malankara Credit Society Ltd remains committed to supporting this journey through transparent lending practices, customer education, and accessible financial solutions tailored to women customers.

### Key Focus Areas

Financial Literacy: Promoting awareness on savings, credit discipline, and long-term wealth planning.
Asset-Based Growth: Enabling women to leverage assets such as gold responsibly to meet business or personal financial needs.
Entrepreneurship Support: Encouraging women-led MSMEs and self-employment initiatives through structured financial programs.
Digital Inclusion: Simplifying financial access through technology-driven processes and customer-friendly service models.
"At Malankara Credit Society Ltd, we recognize that when women achieve financial independence, entire communities progress. Our vision is to create a supportive ecosystem where women feel confident to save, invest, and grow their wealth responsibly. Through ethical practices, innovative products, and continuous customer engagement, we aim to be a trusted partner in every woman's financial journey. Empowering women is not just a social commitment — it is a strategic step toward sustainable growth and a stronger future."

Together, let us continue nurturing financial confidence and building lasting prosperity — one step at a time.

**Sivaprakash.P**
**Dy CEO, Malankara Credit Society**

# A BIRD'S EYE VIEW OF KOLKATA CITY

കൊൽക്കത്തയിൽ നിന്നും മുംബൈയിലേക്ക് തിരിക്കാൻ ഇനി അഞ്ച് ദിവസം കൂടി മാത്രമേ ബാക്കിയുള്ളൂ. അപ്പോഴാണ് കൊൽക്കത്ത നഗരത്തിലെ ചില പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങൾ ഇതുവരെ കണ്ടില്ലെന്ന് ഓർത്തത്. അങ്ങനെ ഒരു ദിവസം താഴെ പറയുന്ന സ്ഥലങ്ങൾ സന്ദർശിക്കാൻ തീരുമാനിച്ചു:

1. വിക്ടോറിയ മെമ്മോറിയൽ, 2. ബേലൂർ മഠം, 3. കാളിഘട്ട് ക്ഷേത്രം, 4. മദർ ഹൗസ്

**1. വിക്ടോറിയ മെമ്മോറിയൽ**

കൊൽക്കത്ത നഗരത്തിന്റെ ഏകദേശം മധ്യഭാഗത്തായാണ് വിക്ടോറിയ മെമ്മോറിയൽ സ്ഥിതി ചെയ്യുന്നത്. പൂർണ്ണമായും വെണ്ണക്കല്ലിൽ (മാർബിൾ) പണിതീർത്ത ഈ നിർമ്മിതിക്ക് താജ്മഹലിനോട് സാദൃശ്യമുണ്ട്. 1901ൽ വിക്ടോറിയ രാജ്ഞിയുടെ മരണശേഷം, അന്നത്തെ വൈസ്രോയി ആയിരുന്ന കഴ്സൺ പ്രഭുവിന്റെ ഉത്തരവനുസരിച്ചാണ് ഇതിന്റെ പണി തുടങ്ങിയത്. 1906 മുതൽ 1921 വരെയുള്ള കാലയളവിലായിരുന്നു നിർമ്മാണം. ഇൻഡോസാരാസെനിക് ശൈലിയിൽ വെനീഷ്യൻ, ഈജിപ്ഷ്യൻ, മുഗൾ വാസ്തുവിദ്യകളുടെ സമന്വയമാണ് ഈ സ്മാരകം. ഇതിന്റെ പുറംഭാഗവും അകത്തളവും ഒരുപോലെ മനോഹരമാണ്.

**2. ബേലൂർ മഠം**

ഹൂഗ്ലി നദിയുടെ തീരത്ത് കൊൽക്കത്ത നഗരത്തോടു ചേർന്ന് സ്വാമി വിവേകാനന്ദൻ സ്ഥാപിച്ച ആരാധനാലയമാണ് ബേലൂർ മഠം. രാമകൃഷ്ണ മിഷന്റെ ആസ്ഥാനമായ ഇവിടെ ശ്രീരാമകൃഷ്ണ ക്ഷേത്രം, ശാരദാദേവി ക്ഷേത്രം, വിവേകാനന്ദ ക്ഷേത്രം എന്നിവ സന്ദർശകർക്ക് കാണാം. 1938ൽ പണിതീർത്ത ഈ മഠം ഹിന്ദു, ഇസ്ലാം, ബുദ്ധിസ്റ്റ്, ക്രിസ്ത്യൻ കലകളുടെയും പ്രതീകങ്ങളുടെയും അപൂർവ്വമായ ഒരു സംയോജനമാണ്. ശാന്തമായ അന്തരീക്ഷവും വാസ്തുവിദ്യയും ഇവിടേക്ക് ധാരാളം സന്ദർശകരെ ആകർഷിക്കുന്നു.

**3. കാളിഘട്ട് ക്ഷേത്രം**

1809ൽ പുനർനിർമ്മിക്കപ്പെട്ട ഈ ക്ഷേത്രം കൊൽക്കത്തയിലെ ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളിലൊന്നാണ്.
സതിദേവിയുടെ ദേഹത്യാഗത്തിനുശേഷം ശിവൻ താണ്ഡവനൃത്തം ആടവേ, വിഷ്ണു ഭഗവാൻ സുദർശനചക്രമുപയോഗിച്ച് സതിയുടെ ശരീരം ഖണ്ഡിച്ചപ്പോൾ വലതുകാലിലെ വിരൽ വീണ സ്ഥലമാണ് കാളിഘട്ട് എന്നാണ് വിശ്വാസം (51 ശക്തിപീഠങ്ങളിൽ ഒന്ന്). കാഴ്ചയിൽ അതിഗംഭീരമായ ഈ സമുച്ചയത്തിൽ നിരവധി ഉപക്ഷേത്രങ്ങളുമുണ്ട്.

**4. മദർ ഹൗസ്**


മദർ തെരേസയുടെ അന്ത്യവിശ്രമസ്ഥലമാണ് മദർ ഹൗസ്. മിഷനറീസ് ഓഫ് ചാരിറ്റിയുടെ ആസ്ഥാനമായ ഇവിടെ തികച്ചും ശാന്തവും ലളിതവുമായ ഒരു മുറിയിലാണ് മദറിന്റെ കബറിടം സ്ഥിതി ചെയ്യുന്നത്. കൊൽക്കത്തയിലെ സഡർ സ്ട്രീറ്റിൽ നിന്നും നടക്കാവുന്ന ദൂരമേ ഇവിടേക്കുള്ളൂ. ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളെയും ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെയും സംരക്ഷിക്കുന്ന ഈ കേന്ദ്രത്തിലെ കാഴ്ചകൾ മനസ്സിനെ സ്പർശിക്കുന്നതാണ്.

ഈ കാഴ്ചകളെല്ലാം കണ്ട് സന്ധ്യയോടു കൂടി ഞാൻ താമസസ്ഥലത്ത് തിരിച്ചെത്തി. ഇനി മനസ്സു നിറയെ കൊൽക്കത്തയുടെ ഓർമ്മകളുമായി മുംബൈയിലേക്ക്!

**ഹൃദയപൂർവ്വം**
**എ.ഐ. ജെയിംസ്**


Mother Tomb


Belur math


Ramakrishna Temple


Victoria Memorial


Kalighat temple


Kalighat temple


Mother house


Victoria Memorial



**A I JAMES**
BCOM, CAIIB, ICMA, ACS
**GM Credit**







*Internal Circulations Only

# MALANKARA CREDIT SOCIETY LTD

MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED

Registered Under

MINISTRY OF CO-OPERATION, GOVT. OF INDIA


**MONEY IS NOT A BARRIER FOR YOUR DREAMS AND HAPPINESS**

## എന്റെ ഗാന്ധി



ഹർഷൻ വി. ചേലേമ്പ്ര
(തേഞ്ഞിപ്പലം, മലപ്പുറം)

ഓർമയ്ക്കായൊരു പുസ്തകമുണ്ടതിൻ
പേരു വിളിക്കാം ഗാന്ധി!
ഓടിനടന്നതിവേഗതയാലേ വിരചിതമായൊരു
ഗാന്ധി!
ജന്മം മുഴുവൻ കർമം കൊണ്ടൊരു ചരിതമതല്ലോ
ഗാന്ധി!
നീതിനിഷേധം മൊഴിയും ബൂട്ടുകൾ ഒടുവിൽ
മുട്ടുമടക്കി!
അനന്ത സാഗര ഗർജനമായി അഹിംസയെന്നൊരു
മന്ത്രം!
അടിയറവയ്ക്കാനില്ലഭിമാനം അടിവരയിട്ട മഹാത്മാ!
കണ്ണീരാഴ്ന്നുകിടക്കും ഉപ്പിനുവേണ്ടി നടന്നൊരു
ഗാന്ധി!
ഉടയോരില്ലാതലയും കോടിമനുഷ്യർക്കായൊരു
ഗാന്ധി!
ഇതിഹാസങ്ങൾ ഇവിടെ രചിക്കാൻ പിറവിയെടുത്തു
ഗാന്ധി!
അധികാരക്കൊതി അകമേയില്ലാ അനന്തവിസ്മയ
സാധ്വി!
മതചിഹ്നങ്ങൾ തെരുവിൽ നീളെ കുരുതി നടത്തും
നേരം
അകമേ നീറി അരുതേയോതി അന്നം വെടിയും ബാപ്പു!
ഒടുവിൽ തീവ്രത തിരയിൽ നിറച്ചൊരു കഴുകൻ
കൊത്തിവലിക്കെ
വഞ്ചന കണ്ടും പുഞ്ചിരിതൂകി വന്മതിൽ വേണ്ടെന്നരുളി
ഗാന്ധി!
ആരതിയുഴിയാം അകമതു തെളിയാൻ ആത്മാവിൻ
പേരതു ഗാന്ധി!
ആത്മാവിൻ പേരതു ഗാന്ധി!



## *The Voice that never left*

*The one who walked with me like a shadow. Listening to every thought I was afraid to say aloud, Never once leaving was me.*

*My first baby step was held by my own belief. I stumbled, the earth met my knees, yet I rose - because I trusted her voice, without doubt. Then I grew. The world grew louder. Voices layered over my truth until mine became a whisper, then a pause, then the last choice.*

*Now I return. To sit with myself as I once did - I will ask my questions and stay long enough, To hear her answer; because she still walks beside ME*



**MARY JOHN PULLELI**
DIRECTOR

## ആശംസകൾ




മലങ്കര ക്രെഡിറ്റ് സൊസൈറ്റി മഞ്ചേരി സിഎഫ്സിയിലെ മെമ്പറായ സ്മിതയുടെ മകളുടെ വിവാഹ നിശ്ചയത്തിന് സൊസൈറ്റിയുടെ മംഗളാശംസകൾ



മലങ്കര ക്രെഡിറ്റ് സൊസൈറ്റി കോഴിക്കോട് സിഎഫ്സിയിലെ മെമ്പറായ സുജിതയുടെ മകളുടെ വിവാഹത്തിന് സൊസൈറ്റിയുടെ മംഗളാശംസകൾ



മലങ്കര ക്രെഡിറ്റ് സൊസൈറ്റി തിരൂർ സിഎഫ്സിയിലെ മെമ്പറായ സുഫൈറയുടെ മകളുടെ വിവാഹത്തിന് സൊസൈറ്റിയുടെ മംഗളാശംസകൾ

# The Quiet Power of Giving



At some point in our lives, many of us may have felt the urge to give something away to someone in need, prepared to make a sacrifice, only to realise later that the situation changed or the giving was no longer required. Yet, even in those moments, what remains is a deep sense of satisfaction. That feeling itself is a reward—one that reminds us why giving matters.

When we choose to give rather than act out of self-interest, we experience a quiet gratitude within. Giving is not merely an action; it is an expression of care. We give because we care, and we care because love forms the core of our humanity. Every act of generosity sends that love outward, and in doing so, it expands something within us. Instead of diminishing us, giving deepens our sense of joy, contentment, and inner peace.

What truly matters is not the size of what we give or the recognition that follows, but the intention behind it. A small act performed with sincerity often carries more meaning than a larger gesture driven by obligation. Our intentions reveal the love we hold within ourselves. In a world increasingly focused on outcomes and returns, giving reminds us that some of the most valuable gains are intangible.

Human beings are naturally shaped for service and compassion. We are meant to support one another—shoulders to carry burdens, feet to walk toward those in need, arms to offer comfort, and hearts that grow wider each time they give. When we extend ourselves to ease another's pain, we do more than help someone else; we nurture our own humanity.

This spirit of giving is especially relevant in our professional and organisational lives. Empathy in the workplace fosters trust, strengthens relationships, and creates an environment where people feel valued beyond their roles or designations. When we lead and work with compassion, productivity becomes meaningful, and success becomes shared.

There is also a deeper, spiritual dimension to giving. When we give selflessly, we align ourselves with a higher purpose, experiencing a sense of connection that transcends material rewards. By going inward—through reflection or prayer—we become more aware of the love that sustains us, and that awareness naturally flows outward through our actions.

In choosing generosity over selfishness, we choose to grow—not just as professionals or colleagues, but as human beings. Giving may not always change circumstances, but it invariably changes us, and in that change lies its true power.



Written by
**VIVIN VIJAYAPALAN**
SECRETARY TO CHAIRMAN




# CHAIRMAN'S EVER ROLLING TROPHY
# BEST BRANCH FOR THE MONTH OF JANUARY 2026

MALANKARA
CREDIT SOCIETY LTD
MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED
Registered Under
MINISTRY OF CO-OPERATION, GOVT. OF INDIA

## പാചക രംഗം

# കിണ്ണത്തപ്പം



**MARIYAMA PIOUS**
**Vice -Chairman**

### ചേരുവകൾ

വറുത്ത അരിപ്പൊടി - 1 കപ്പ്
തേങ്ങയുടെ ഒന്നാം പാൽ - 1 കപ്പ്
രണ്ടാംപാൽ - 1 കപ്പ്
പഞ്ചസാര - ആവിശ്യത്തിന്
ഏലക്ക - 2 എണ്ണം
നല്ലജീരകം - 1 /2 ടേബിൾ സ്പൂൺ
വെള്ളം തിളപ്പിച്ചത് - ആവിശ്യത്തിന്

### തയ്യാറാകുന്ന വിധം

വെള്ളം ഉപ്പിട്ട് തിളപ്പിക്കുക. അത് അരിപ്പൊടിയിലേക്ക് ഒഴിച്ച് കുഴക്കുക.
അതിലേക്ക് പഞ്ചസാരയും ഏലക്ക പൊടിച്ചതും നല്ല ജീരകവും ചേർത്ത് യോജിപ്പിക്കുക.
അതിലേക്ക് രണ്ടാം പാൽ ഒഴിച്ച് നന്നായി കലക്കുക.
അതിനുശേഷം ഒന്നാം പാൽ ചേർത്ത് പാകത്തിന് അയവാക്കുക.
അതിനുശേഷം അപ്പച്ചെമ്പിൽ ഒരു കിണ്ണത്തിൽ വെളിച്ചെണ്ണ തടവി മാവ് ഒഴിച്ച് ആവിയിൽ വേവിച്ചെടുക്കുക.
സോഫ്റ്റായ കിണ്ണത്തപ്പം റെഡി.







**NISMA FATHIMA.K.S**
CHERPU, THRISSUR





**NAINIKA SHYJU**
THRISSUR





**JANVI ANISH**
THODUPUZHA





**AJAY KRISHNA S**
CHENNAI

# കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സെൻസിറ്റൈസേഷൻ ട്രെയിനിംഗ് പ്രോഗ്രാമിൽ മലങ്കര ക്രെഡിറ്റ് സൊസൈറ്റി പ്രതിനിധികൾ പങ്കെടുത്തു.

പൂനെ: കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ വൈകുണ്ഠ് മേത്ത നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റ് (**VAMNICOM**) മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങൾക്കായി സംഘടിപ്പിച്ച ത്രിദിന ബോധവൽക്കരണ പരിശീലന പരിപാടി (**Sensitization Training Programme**) 2026 ഫെബ്രുവരി 4 മുതൽ 6 വരെ പൂനെയിലെ വാംനികോം കാമ്പസിൽ വിജയകരമായി സംഘടിപ്പിച്ചു.

സാധാരണക്കാരായ അംഗങ്ങൾക്ക് എങ്ങനെ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കാം എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്ര സർക്കാർ ഈ പരിശീലന പരിപാടി സംഘടിപ്പിച്ചത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. വാംനികോം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ബൗറിസെട്ടി കിഷോർ, ജയലക്ഷ്മി എന്നിവരാണ് പരിശീലന ക്ലാസുകൾക്ക് നേതൃത്വം നൽകിയത്.

മലങ്കര ക്രെഡിറ്റ് സൊസൈറ്റിയെ പ്രതിനിധീകരിച്ച് **SGM** സെയിൽസ് ആൻഡ് മാർക്കറ്റിങ് മേധാവി വിജയ് സെബാസ്റ്റ്യൻ, കംപ്ലയൻസ് ഓഫീസർ രഘു വി. എന്നിവർ പരിശീലനത്തിൽ പങ്കെടുത്തു.

സാധാരണക്കാരായ അംഗങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുവാനും അവരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമിട്ടുള്ള നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിനും സഹകരണ മേഖലയുടെ കരുത്ത് വർദ്ധിപ്പിക്കാനും കേന്ദ്ര സർക്കാരിന്റെ ഇത്തരം ഇടപെടലുകൾ വളരെ ഉപകാരപ്രദമാണ്. സഹകരണ മേഖലയിലെ സുതാര്യതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനും കാലാനുസൃതമായ മാറ്റങ്ങൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ നടപ്പിലാക്കുന്നതിനും ഈ പരിശീലന പരിപാടി ഏറെ സഹായകരമായി.

മലങ്കര ക്രെഡിറ്റ് സൊസൈറ്റി SGM സെയിൽസ് ആൻഡ് മാർക്കറ്റിങ് മേധാവി വിജയ് സെബാസ്റ്റ്യൻ കംപ്ലയൻസ് ഓഫീസർ രഘു വി. എന്നിവർ വാംനികോം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ബൗറിസെട്ടി കിഷോറിനൊപ്പം





വാംനികോം കൺസൾട്ടന്റ് ജയലക്ഷ്മിയിൽ നിന്നും മലങ്കര ക്രെഡിറ്റ് സൊസൈറ്റി SGM സെയിൽസ് ആൻഡ് മാർക്കറ്റിങ് മേധാവി വിജയ് സെബാസ്റ്റ്യൻ സെൻസിറ്റൈസേഷൻ ട്രെയിനിംഗ് സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങുന്നു അസിസ്റ്റന്റ് പ്രൊഫസർ ഡോ. ബൗറിസെട്ടി കിഷോർ സമീപം



വാംനികോം കൺസൾട്ടന്റ് ജയലക്ഷ്മിയിൽ നിന്നും മലങ്കര ക്രെഡിറ്റ് സൊസൈറ്റി കംപ്ലയൻസ് ഓഫീസർ രഘു വി. സെൻസിറ്റൈസേഷൻ ട്രെയിനിംഗ് സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങുന്നു അസിസ്റ്റന്റ് പ്രൊഫസർ ഡോ. ബൗറിസെട്ടി കിഷോർ സമീപം


# Happy Birthday

## MALANKARA STAFF


DHANESHKUMAR K R


SUJA M S


SARATH P V


DIVYA C P


PRASHOB R


CHARLES RAJA A


RENJITH P R


DIPIN K


AKSHAY LAL


DEEPAK M P


SUMEESHNA K

## വിവാഹ ആശംസകൾ



Vysakh Weds Laya

## INDUCTION TRAINING CONDUCTED FOR THE NEW STAFF



Bottom row (left to right): Mr. Akshay P C, Ms. Ranjisha N R, Ms. Bindhu V & Mr. Shanmugham N
Top row (left to right): Ms. Amalu P S, Mr. Dineskumar Ponnusamy, Mr. K Karthik, Mr. Shreegesh S, Ms. Aki Prabhakaran & Ms. Amrutheswary K S



Bottom row (left to right) : Mrs. Vimitha B, Mrs. Mariyamma Pious & Mrs. Sajna Roy E
Top row (left to right): Ms. Amalu P S,Mr. Pranav J Lal, Mr. Goutam Krishna V R, Mr. Krishnadas P M ,Mrs. Chinju Parameswaran, Ms. Aswathy P Raju & Mrs Binitha D Das



Bottom row (left to right): Ms. Deena P. J., Mr. Arjun Raj, Mr. Vyshnav S. Vinod, Mr. Gautham Ravindran, and Mr. Akhil T.
Top row (left to right): Ms. Prajitha P, Ms. Sanjana K. S, Mr. Balamurali Krishna, Mr. Vishnu Mohan, Mr. Jithu Saji, Mr. Kathiravan P, Ms. Snitha K. S, and Ms. Amalu P. S.

# BUSINESS CORRESPONDENT (BC)

## LOAN AGAINST PROPERTY



HARISH P S



VIPIN KUMAR M

## CAR LOAN



AJEESH



SARITH. K

## DEPOSIT PRODUCTS TOP PERFORMERS FOR JANUARY 2026 ASSIST TO MEMBER (AM)



ARJUN RK



RAJAN UNNITHAN MENON



THOMAS FRANCIS

## DEPOSIT PRODUCTS ACHIEVERS FOR JANUARY 2026 (MALANKARA STAFF)



**SABITHA M S**
SENIOR OFFICER
NORTH PARAVUR CFC



**RATHEESH R**
DEPUTY MANAGER
TRIVANDRUM



**RADHAKRISHNAN M**
DEPUTY MANAGER VL4
MANJERI

## നിങ്ങൾക്കും സമ്മാനം നേടാൻ അവസരം

നിങ്ങളുടെ സാഹിത്യ അഭിരുചികൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മലങ്കര ക്രെഡിറ്റ് സൊസൈറ്റി മാസം തോറും പ്രസിദ്ധീകരിക്കുന്ന ഇ മാഗസിൻ അവസരം ഒരുക്കുന്നു. നിങ്ങളുടെ കലാസൃഷ്ടികൾ 95621 97162 എന്ന നമ്പറിലേക്ക് നിങ്ങളുടെ മുഴുവൻ പേരും ഫോട്ടോയും സ്ഥലവും സഹിതം വാട്സാപ്പ് ചെയ്യൂ അല്ലെങ്കിൽ designer@mmsccs.com ലേക്ക് ഇമെയിൽ ചെയ്യൂ.മാഗസിനിൽ മാസം തോറും പ്രസിദ്ധീകരിക്കുന്ന മൂന്ന് കലാസൃഷ്ടികൾക്ക് നറുക്കെടുപ്പിലൂടെ സമ്മാനം നൽകുന്നതായിരിക്കും.

**എല്ലാവർക്കും കലാസൃഷ്ടികൾ അയക്കാവുന്നതാണ്.**

**ഇമാഗസിൻ കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ച കൃതികളിൽ നിന്നും നറുക്കെടുപ്പിലൂടെ സമ്മാനർഹരായവർ**



SREEVEDHA NIKHIL
ERNAKULAM



KRISHNATHEERTHA P S
THRISSUR



VISHNU
CALICUT